**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

**(ഹാജർ : പി.ആർ.സജികുമാർ)**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സാങ്കേതിക വിഭാഗം - തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഏകീകൃത ഡിസൈൻ സംവിധാനം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥന്റെ അപേക്ഷ

**ഉത്തരവ് നം. ഡിബി7/3748/19/സിഇ/എൽ.എസ്.ജി.ഡി തീയതി 18.03.2019**

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ കേരളമൊട്ടാകെ കോടിക്കണക്കിനു രൂപയുടെ വിവിധങ്ങളായ നിർമ്മാണം നടന്നുവരുന്നു. സ്കൂൾ കെട്ടിടങ്ങൾ, അങ്കണവാടി കെട്ടിടങ്ങൾ, ക്രിമിറ്റോറിയം, പാലങ്ങൾ, റോഡുകൾ, ചെക്ക്ഡാം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന നിരവധി നിർമ്മാണങ്ങൾ ഓരോ തദ്ദേശസ്വയംഭരണ ഓഫീസിലും നടന്നു വരികയാണ്.

വൻകിട നിർമ്മാണ പ്രവർത്തനങ്ങളിൽ കൃത്യമായും സ്ട്രക്ചറൽ ഡിസൈൻ ചെയ്താണ് നിർമ്മാണം നടത്തി വരുന്നത്. എന്നാൽ ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്രകാരം ഐ.എസ് കോഡ് പ്രകാരമുള്ള ഡിസൈൻ മാനദണ്ഡങ്ങൾ പലപ്പോഴും പരിഗണിച്ച് കാണുന്നില്ല. ഇത് സാങ്കേതികമായി ഉറപ്പുള്ളതാണെങ്കിലും, പലവിധത്തിലുള്ള ന്യൂനതകൾക്ക് കാരണമാകുന്നു. ചെറുകിട നിർമ്മാണ പ്രവർത്തികളുടെ ബാഹുല്യമാണ് പ്രധാനമായും വിശദമായ ഡിസൈൻ തയ്യാർ ചെയ്യുന്നതിന് തടസ്സമായിട്ടുള്ളത്. ഇതിനൊരു പരിഹാരമായി Typical ആയി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരു സോഫ്റ്റ് വെയർ/മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് ഉചിതമായിരിക്കും.

മേൽ ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയത്തിൽ, കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു Typical Design for Foundation, Column, Beam, Roof Slab, Typical Design for Concrete Road, Bitumin Road, BM&BC Road, Typical Design for Bridge, Check dam, Retaining Wall എന്നിവ തയ്യാർ ചെയ്ത് ഒരു സോഫ്റ്റ് വെയർ / മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിക്കുന്നു. ടി ഉദ്യോഗസ്ഥർ ആലപ്പുഴ നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർ **ശ്രീ.അനിൽകുമാർ.ആർ.എസ്** നെ ബന്ധപ്പെട്ട് 2019 ഏപ്രിൽ മാസത്തിലെ സൗകര്യമായ ദിവസങ്ങളിൽ ഒത്തുചേർന്ന് ഏകീകൃത ഡിസൈൻ തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ഡിസൈനുകൾ

തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ ഓഫീസിന്റെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നതാണ്.

| ക്രമ നം. | പേര് | തസ്തിക | ഓഫീസ് | മൊബൈൽ നമ്പർ |
|---|---|---|---|---|
| 1 | അനിൽ കുമാർ ആർ എസ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൺവീനർ) | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ആലപ്പുഴ മുനിസിപ്പാലിറ്റി | 9605456580 |
| 2 | ജിപ്സൺ ജോസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 9447907310 |
| 3 | പ്രദീപ് കുമാർ വി | അസിസ്റ്റന്റ് എഞ്ചിനീയർ (മെമ്പർ) | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, എൽ.എസ്.ജി.ഡി ഡിവിഷൻ ആലപ്പുഴ | 9446242014 |
| 4 | നെവിൽ വില്യംസൺ | ഒന്നാംതരം ഓവർസീയർ (മെമ്പർ) | കൂത്താട്ടുകുളം മുനിസിപ്പാലിറ്റി | 8547128810 |

ടി കമ്മിറ്റിയിലേക്ക് ഏതെങ്കിലും ഫീൽഡിൽ സ്പെഷ്യലൈസ്ഡ് / എക്സ്പെർട്ട് എൽ.എസ്.ജി.ഡി എഞ്ചിനിയേഴ്സിന്റെ ആവശ്യകത ബോധ്യപ്പെടുന്നപക്ഷം കമ്മിറ്റി ഭാവിയിൽ വിപുലീകരിക്കാവുന്നതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്: 1) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഇമെയിൽ മുഖാന്തിരം)
2) കരുതൽ ഫയൽ

എൻ.പി/